
മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

ത്രൈമാസിക









*Best Catering & Event Service*

# ADENS
## EVENTS & CATERERS


Complete Wedding Management
Birthday & Wedding Anniversary
Theme Party Setting
Catering Service
Stage Decorations
Hall Decoration
Entertainment Live Music
Photography & Videography
Panthal Works
Live Juice & Snacks

fssai 11323004000547
FoSTaC

KAKKANADU, KAYAMKULAM
Ph: 9496882529, 8075887791

# ഓർത്തഡോക്സ് യുവജനം
ത്രൈമാസിക

വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1
ഫോൺ : 0481 2583997
E-mail : orthodoxyuvajanam1936@gmail.com
facebook : Orthodox Christian Youth Movement- Official



## പത്രാധിപ സമിതി

| | |
|---|---|
| പ്രസിഡന്റ് | ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | ഫാ. ഷിജി കോശി, കറ്റാനം |
| ജനറൽ സെക്രട്ടറി | ഫാ. വിജു ഏലിയാസ് |
| ട്രഷറർ | പേൾ കണ്ണേത്ത് |
| ചീഫ് എഡിറ്റർ | ഫാ. ലൂക്ക് ബാബു (യൂഥിക) |
| പബ്ലീഷർ | ബിനു പാപ്പച്ചൻ, പുത്തൂർ |
| ബോർഡ് അംഗങ്ങൾ | റ്റിബിൻ ചാക്കോ, തേവർവേലിൽ<br>ബിബിൻ ബാബു, കരുവാറ്റ |


## ഉൾതാളുകളിലൂടെ....


പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം.................................02
**പുതിയ ആരാധനാവർഷം അനുഗ്രഹിക്കപ്പെട്ടതായിരിക്കട്ടെ**
ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

മുഖമൊഴി.................................03
യൂഥിക

ലേഖനം.................................04
**പരിശുദ്ധിയുടെ പരിമളം പരത്തിയ പരിശുദ്ധ പരുമല തിരുമേനി**
ഫാ. യാക്കോബ് റമ്പാൻ

ലേഖനം.................................05
**പ. പരുമല തിരുമേനി; ക്രിസ്തുവിന്റെ സൗരഭ്യമായ വിശുദ്ധൻ**
ഫാ. ഡോ. നൈനാൻ വി.ജോർജ്

ലേഖനം.................................07
**വിശുദ്ധിയുടെ ശിഷ്യത്വം**
ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്

ലേഖനം.................................9
**പ്രാർത്ഥനയെ സ്നേഹിച്ച ശ്രേഷ്ഠ ഇടയൻ**
ബിബിൻ ബാബു കരുവാറ്റ

ജനറൽ സെക്രട്ടറിയിൽ നിന്നും.................................10
ഫാ. വിജു ഏലിയാസ്

ഒ.സി.വൈ.എം. രാജ്യാന്തര സമ്മേളനത്തിൽ നിന്ന്.................................11



### പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം

# പുതിയ ആരാധനാവർഷം അനുഗ്രഹിക്കപ്പെട്ടതായിരിക്കട്ടെ

ഡോ. ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്ത

സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുക എന്നത് സൃഷ്ടിയായ മനുഷ്യന്റെ ഉത്തരവാദിത്വമാണ്. "ഞങ്ങൾ നിനക്കും, നിന്റെ ഏക ജാതനും, വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. അതു ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും തന്നെ" എന്നാണ് കാർമ്മികൻ വിശുദ്ധ കുർബ്ബാനയിൽ ഓരോ പ്രാർത്ഥനയുടെയും അവസാനം ചൊല്ലുന്നത്. പൗരസ്ത്യ സഭയിൽ ആരാധനയ്ക്കു ഒരു ക്രമീകരണം ഉണ്ട്. ഒരു ആരാധന വർഷത്തെ വിവിധ കാലങ്ങളായി ക്രമീകരിച്ച് സൃഷ്ടികർമ്മത്തിന്റെ ആരംഭം മുതൽ കർത്താവിന്റെ രണ്ടാമത്തെ വരവുവരെയുള്ള സംഭവങ്ങളെ നാം പ്രത്യേകം ധ്യാനിക്കുന്നു. ഇത് ആരംഭിക്കുന്നത് ഹൂദോശ് - ഈത്തോ ഞായറാഴ്ചയോടു കൂടിയാണ്. ഇത് സഭയുടെയും വിശ്വാസികളുടെയും ശുദ്ധീകരണത്തിന്റെ ദിവസമാണ്.

"ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്ന് നമ്മുടെ സ്രഷ്ടാവായ ദൈവം നമ്മോടു കല്പിക്കുന്നു. വിശുദ്ധിയിൽ വളരുവാനുള്ള ആഹ്വാനമാണ് ആരാധനാവർഷത്തിന്റെ ആരംഭദിനമായ ശുദ്ധീകരണ പെരുന്നാളിൽ സഭ തന്റെ മക്കളോടു ആഹ്വാനം ചെയ്യുന്നത്. വിശുദ്ധിയുടെ പൂർത്തീകരണം ആണല്ലോ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിൽ നാം കാണുന്നത്. വിശുദ്ധിയിൽ വളരുവാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ആയിരുന്നു യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളും ജീവിതമാതൃകയും അതിന്റെ രത്നചുരുക്കമായി അവൻ കല്പിക്കുന്ന വചനം ഏറെ ശ്രദ്ധേയമാണ്. "എന്റെ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ." വിശുദ്ധിയെന്നാൽ നന്മയിൽ അഥവാ സൽഗുണസമ്പൂർണ്ണതയിൽ നിറയുന്ന അനുഭവമാണ്.

സ്വയം അവകാശപ്പെടുന്നതുകൊണ്ട് നാം വിശുദ്ധരാവുകയില്ല. മറിച്ച് ക്രൂശോളം സഹിച്ച് മരണവേളയിലും ശത്രുക്കളോട് ക്ഷണിക്കണമേ എന്ന് പിതാവിനോടു പ്രാർത്ഥിക്കുവാൻ കഴിയുന്ന അനുഭവമാണ് ശുദ്ധീകരണം. ബാഹ്യമായ പ്രകടനങ്ങളോ പുകഴ്ചകളോ വിശുദ്ധജീവിതത്തെ വളർത്തുവാൻ ഉപകരിക്കുന്നില്ല. സ്വയം നീതീകരിക്കുവാൻ ശ്രമിക്കുന്നവരെല്ലാം ക്രിസ്തുവിന്റെ മുന്നിൽ നിരാശരായി തിരിച്ചുപോകുന്നത് കാണാൻ കഴിയും. നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുമ്പോഴാണ് നമ്മുടെ ജീവിതം വിശുദ്ധിയുള്ളതായി തീരുന്നതും ക്രിസ്തു നമ്മിൽ വസിച്ച് നാം വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നത് എന്ന് നാം മനസ്സിലാക്കണം.

ഇങ്ങനെ ആരാധനാജീവിതത്തെ അധികരിച്ചുള്ള ജീവിതചര്യയുടെ ആചാര്യനായ മഹത് വ്യക്തിയാണ് പ. പരുമല തിരുമേനി. ഈ വർഷം ഈ പിതാവിന്റെ 122-ാമത് ഓർമ്മപ്പെരുന്നാൾ നാം ഭക്തിനിർഭരമായി കൊണ്ടാടുകയാണല്ലോ. 1902, നവംബർ 2, കൂദോശ് ഈത്തോ ഞായറാഴ്ചയുടെ ആരംഭത്തിലായിരുന്നു ഈ പിതാവ് താൻ ലക്ഷ്യംവെച്ച തന്റെ നാഥന്റെ അടുക്കലേക്ക് എടുക്കപ്പെട്ടത്. നോമ്പ്, ഉപവാസം, യാമനമസ്കാരം, ദാനധർമ്മാദികളിൽ ജീവിച്ച് തന്റെ ത്യാഗജീവിതം കൊണ്ട് പ. സഭയെ നയിച്ച് വിശുദ്ധിയിൽ പ്രകാശിച്ച ഒരു പിതാവാണ് പ. ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി. ആരാധനാവർഷത്തിന്റെ ആരംഭ ആഴ്ചയിൽതന്നെ ഈ വിശുദ്ധന്റെ പെരുന്നാൾ ആഘോഷിക്കുവാൻ കഴിയുന്നത് മലങ്കര സഭാമക്കളെ സംബന്ധിച്ച് മഹാഭാഗ്യമായി നാം കാണുന്നു. ഈ പിതാവിന്റെ കബറിടത്തിലേക്ക് തീർത്ഥാടനം നടത്തുന്നതു മൂലവും, പെരുന്നാളിൽ സംബന്ധിക്കുന്നതു മൂലവും ഈ പിതാവിനെപോലെ വിശുദ്ധിയിൽ വളരുവാനും അനേകരെ വിശുദ്ധിയിലേക്ക് നയിക്കുവാനും നമ്മുടെ യുവതിയുവാക്കൾക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

പരിശുദ്ധ കന്യകമറിയാം അമ്മയുടെയും നമ്മുടെ കാവൽപിതാവായ പരി. മാർത്തോമ്മാശ്ലീഹായുടെയും പ്രത്യേകാൽ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും യൽദോ മാർ ബസേലിയോസിന്റെയും, മാർ ദീവന്നാസ്യോസിന്റെയും, പരി. മാർത്തോമ്മാ ശ്ലീഹാ മുതൽ ഇന്നയോളം നമ്മെ വഴിനടത്തിയ എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

അർത്ഥവത്തായ ഒരു ആരാധനാജീവിതം നയിക്കുവാൻ പുതിയ ആരാധനാവർഷത്തിൽ ദൈവകൃപ നമ്മെ സഹായിക്കട്ടെ.

ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ.

# EDITORIAL



കരുണയും കരുതലും, വീക്ഷണവും വിശാലതയും, പ്രാർത്ഥനയും പ്രവൃത്തിയും ഒരാളിൽ സമന്വയിച്ചു കാണുക ഏറെ പ്രയാസം നിറഞ്ഞ പ്രതിഭാസമാണ്.

കാലം ലോകത്തിന് ചില പരിമളങ്ങൾ പരത്താറുണ്ട്. 19 - ാം നൂറ്റാണ്ടിൽ കാലം ലോകത്തിന് നൽകിയ പരിശുദ്ധിയുടെ പരിമളമായ പൗർണമി തിങ്കളായിരുന്നു മുനിവര്യനായ പരിശുദ്ധ പരുമല തിരുമേനി.

'ഗ്രീഗോറിയോസ്' എന്ന വാക്കിനർത്ഥം 'ഉണർവ്വുള്ളവൻ...'

ജീവിത യാത്രയിൽ അതിജീവനത്തിന്റെ പാതകളെ അനായസമാക്കിയത് നിരന്തരമായ ദൈവീക സംസർഗ്ഗത്തിലൂടെയാണ്. ഇരവും പകലും പ്രാർത്ഥനയുടെ കാന്തിക വലയത്തിലായിരുന്ന ആ ഉണർവുള്ള പരിശുദ്ധൻ .

ആത്മീയ വിഹായസിൽ മരതക പുഞ്ചിരി വാരിവിതറിയ തിരുമേനി, മനുഷ്യ പ്രീതിയ്ക്കു വേണ്ടി ക്ഷണിക നേട്ടത്തെക്കാൾ ദൈവീകതയ്ക്ക് അനുരൂപമായ ത്യാഗ നൽവരതയുടെ ഉൾക്കാഴ്ച്ച നൽകിയ അവധൂതനായിരുന്നു...

ആത്മീയ പരിവർത്തനത്തിന്റെയും ആത്മനൽവരത്തിന്റെയും സമർപ്പണ മഹത്തീകരണത്തിന്റെയും ദൈവീക ശാക്തീകരണത്തിന്റെയും

ആത്മീയ ഉർവരത കൂടിയായിരുന്നു ആ പരിശുദ്ധൻ

ആത്മീയ നഭസിനെ എത്രമാത്രം പ്രോജ്വലിപ്പിക്കുവാൻ കഴിയുന്നുവോ അതിന് ആനുപാതികമായി അനുഗൃഹീതതല പ്രകാശപൂരിതമാക്കുവാൻ സാധ്യമെന്ന് ആ വിളക്കുമരം നമ്മോട് സാക്ഷിക്കുന്നു.

ആദരപൂർവ്വം,
**ഫാ. ലൂക്ക് ബാബു (യൂഥിക)**
ചീഫ് എഡിറ്റർ

ഓർത്തഡോക്സ് യുവജനം ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം





# പരിശുദ്ധിയുടെ പരിമളം പരത്തിയ പരിശുദ്ധ പരുമല തിരുമേനി

**ഫാ. യാക്കോബ് റമ്പാൻ**

സങ്കീ.34:5 'അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല'. ചന്ദ്രന് സൂര്യനിൽ നിന്ന് ലഭിച്ച പ്രകാശം പോലെ ദൈവത്തിൽ നിന്നും പ്രാപിച്ച വിശുദ്ധിയുടെ പ്രകാശം ലോകത്തിലേക്ക് പരത്തിക്കൊണ്ടിരിക്കുന്ന പുണ്യ പിതാവാണ് പരിശുദ്ധ പരുമല തിരുമേനി. ദൈവത്തെ അഗാധമായി സ്നേഹിക്കുകയും ആ സ്നേഹത്തെ സ്വന്തജീവിതത്തിലേക്ക് പകർത്തുകയും ചെയ്തു. സ്നേഹം മാത്രമല്ല, ദൈവത്തിന്റെ വിശുദ്ധിയെ പ്രാപിപ്പാൻ തിന്മ നിറഞ്ഞ ഈ ലോകത്തിൽ വിശുദ്ധിയോടെ ജീവിച്ച പിതാവാണ് പരിശുദ്ധ പരുമല തിരുമേനി. നൂറ്റാണ്ടുകൾക്ക് മുൻപ് താൻ പ്രിയം വെച്ച ദൈവസന്നിധിയിലേക്ക് കടന്നുപോയ ഈ വിശുദ്ധൻ ഇന്നും ലോകത്തിലേക്ക് ആ വിശുദ്ധിയുടെ പരിമളം പരത്തുന്നു. 'ഭൂമിയിലെ വിശുദ്ധന്മാരോ, അവർ എനിക്ക് പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നേ' സങ്കീർത്തനം 16:3. ദൈവത്തിന് പ്രസാദമുള്ള ശ്രേഷ്ഠനായി മാറിയ പരിശുദ്ധ പരുമല തിരുമേനി ദൈവത്തിന്റെ ഉത്തമനായ സ്നേഹിതനാണ്. 'യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടാകും' സങ്കീ.25:14 എന്ന് തിരുവചനത്തിൽ നാം വായിക്കുന്നു.

ദൈവത്തിന്റെ സ്നേഹിതനായ പരിശുദ്ധ പരുമല തിരുമേനി ദൈവത്തിന്റെ ആലോചനയെ മനുഷ്യർക്ക് വെളിവാക്കിത്തരുന്നു. യിസ്രയേൽ ജനം കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുമ്പോൾ ദൈവം തന്റെ സ്നേഹിതനായ മോശയോട് പറയുന്നു 'ഞാൻ അവരെ നശിപ്പിപ്പാൻ പോകുന്നു. നീ എന്നെ തടയരുത്" എന്ന് (പുറപ്പാട് 32:10) ദൈവത്തെ തടയുവാൻ ആർക്ക് സാധിക്കും. പക്ഷേ മോശ തടഞ്ഞു. ദൈവം ആ അനർത്ഥത്തിൽ നിന്നും പിന്മാറി. ഇതുപോലെ പാപികളായ നമ്മെ നശിപ്പിപ്പാൻ അനേകം അവസരം വന്നിട്ടും ദൈവം അത് ചെയ്യാത്തത് ദൈവത്തിന്റെ സ്നേഹിതനായ പരുമല തിരുമേനിയും മറ്റ് വിശുദ്ധന്മാരും നമുക്ക് വേണ്ടി ദൈവസന്നിധിയിൽ അപേക്ഷിക്കുന്നതുകൊണ്ടാണ്. ദൈവം എല്ലായ്പോഴും തന്റെ സ്നേഹിതന്മാരോട് ആലോചന നടത്തും. സോദോം ഗോമോറെ പട്ടണങ്ങളെ നശിപ്പിപ്പാൻ പോകുമ്പോൾ സ്നേഹിതനായ അബ്രഹാമിനോട് ദൈവം അത് മുൻകൂട്ടി അറിയിക്കുന്നു. ദൈവത്തിന്റെ സ്നേഹിതനായ മോശ ഒരു വേശ്യാ സ്ത്രീയെ വിവാഹം ചെയ്തതിന് വിമർശിച്ച സഹോദരി മിര്യാം കുഷ്ഠരോഗിയായി മാറി. മോശയെയും അഹരോനെയും വിമർശിച്ച കോരഹ് പുത്രന്മാരെ ഭൂമി വിഴുങ്ങി. ഉന്നതമായ സ്ഥാനമാണ് ദൈവസന്നിധിയിൽ സ്നേഹിതരായ വിശുദ്ധന്മാർക്ക് ഉള്ളത്.

പരിശുദ്ധനായ പരുമല തിരുമേനി ശൈശവം മുതലേ ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട സ്നേഹിതനായിരുന്നു. അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ സമൂഹത്തിന്റെ പരിവർത്തനത്തിനും ഉന്നമനത്തിനും വേണ്ടി കൂടിയും പ്രവർത്തിച്ചു. സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ മത-രാഷ്ട്രീയ-സാമുദായിക ബന്ധം നോക്കാതെ മുഖ്യധാരയിലെത്തിക്കുവാൻ പരിശ്രമിച്ചു. ഈ സമൂഹത്തിൽ വിശുദ്ധി എങ്ങനെ കാത്തുസൂക്ഷിച്ച് ജീവിക്കാം എന്ന് കാണിച്ചുതന്ന ഒരു പുണ്യ പിതാവാണ് പരി.പരുമല തിരുമേനി. ഒന്നായിരുന്ന മലങ്കര സഭയെ 7 ഭദ്രാസനങ്ങളായി വിഭജിച്ച് ആറ് പുതിയ മെത്രാന്മാരെ വാഴിച്ച് മലങ്കരസഭയിൽ ഭിന്നിപ്പുണ്ടാക്കാം എന്ന് അന്നത്തെ പാത്രിയർക്കീസ് പരിശുദ്ധ പത്രോസ് ത്രിതീയൻ ചിന്തിച്ചു പ്രവർത്തിച്ചു. എന്നാൽ അതിൽ ഒന്ന് പരിശുദ്ധ പരുമല തിരുമേനി ആയതുകൊണ്ട് മാത്രം സഭയിൽ ഭിന്നിപ്പുണ്ടാകാതെ പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ കീഴിൽ നിലകൊള്ളുവാൻ മറ്റു പിതാക്കന്മാർ തയ്യാറായി. ഇത് സഭയുടെ വളർച്ചയ്ക്ക കാരണമായി.

പരിശുദ്ധ പരുമല തിരുമേനിയുടെ വിശുദ്ധിയുടെ പരിമളം നാൾതോറും കൂടുതലായി പരന്നൊഴുകുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് ഓരോ ദിവസവും കബറിങ്കൽ എത്തിച്ചേരുന്ന വിശ്വാസികളുടെ എണ്ണം കാണിക്കുന്നത്. മലങ്കര സഭയെയും സഭാ മക്കളെയും പ്രതിസന്ധി ഘട്ടങ്ങളിൽ പിടിച്ചുനിർത്തുന്നത് പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയാണ്. ജാതി-മത ഭേദമെന്യെ ആ കബറിങ്കൽ കണ്ണുനീരോടെ വന്ന് പ്രാർത്ഥിക്കുന്ന ആരും നിരാശരായി മടങ്ങുന്നില്ല എന്നുള്ളത് ഈ വിശുദ്ധന്റെ സജീവമായ പ്രാർത്ഥനാ സാന്നിദ്ധ്യത്തെ സ്മരിപ്പിക്കുന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്കേവർക്കും അനുഗ്രഹമായി തീരട്ടെ.

## പ.പരുമല തിരുമേനി

# ക്രിസ്തുവിന്റെ സൗരഭ്യമായ വിശുദ്ധൻ





**ഫാ. ഡോ. നൈനാൻ വി.ജോർജ്**
(ജനറൽ സെക്രട്ടറി,
ഓർത്തഡോക്സ് വൈദികസംഘം)

പ്രപഞ്ചത്തിന് ദൈവം നൽകുന്ന ഏറ്റവും മനോഹരമായ അനുഗ്രഹങ്ങളിൽ ഒന്നാണ് പ്രകൃതിയുടെ സൗന്ദര്യവും സുഗന്ധം പ്രസരിപ്പിക്കുന്ന പുഷ്പങ്ങൾ. മലങ്കരയ്ക്ക് എന്നും അഭിമാനമായി, കാലം ചെയ്ത് കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് നൂറ്റാണ്ട് പിന്നിട്ടശേഷവും വിശുദ്ധിയുടെ മധുരസൗരഭ്യം നിറഞ്ഞു നിലനിൽക്കുന്ന ഒരു വ്യക്തിത്വം ആണ് പരിശുദ്ധനായ പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി.

മലങ്കരസഭയ്ക്ക് ദൈവം നൽകിയ അമൂല്യമായ നിധിയാണ് പരിശുദ്ധനായ പ. പരുമല മാർ ഗ്രീഗോറിയോസ്. അനീതിയും അരാജകത്വവും അനുദിനം വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നീതിയും ന്യായവും അന്യമാകുന്ന ഈ ലോകത്ത് മനുഷ്യൻ സ്വാർത്ഥതയുടെ ചെറുതുരുത്തുകളായി മാറി കൊണ്ടിരിക്കുന്നു. എങ്കിലും ഇരുളടഞ്ഞ സമൂഹത്തിന് വെളിച്ചം പകർന്നു നല്കുവാൻ ഓരോ കാലയളവിലും ചില ചെരാതുകൾ നമുക്കു ചുറ്റും പ്രകാശം പരത്തിയിരുന്നു. ദൈവത്താൽ വിളിച്ചുവേർതിരിക്കപ്പെട്ട അത്തരം പ്രകാശ സ്രോതസുകളായിരുന്നു വിശുദ്ധന്മാർ. വിശുദ്ധരെ ആദരിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുകയെന്നത് നമ്മുടെ സഭയുടെ വിശ്വാസത്തിന്റെ കാതലാണ്. വിശുദ്ധരെ മാനിക്കുന്നതിലൂടെ ദൈവം അവരിൽ കൂടി നടപ്പാക്കിയിരിക്കുന്ന രക്ഷാകരമായ പദ്ധതികളുടെ ആസ്വാദനം നമുക്ക് അനുഭവവേദ്യമാകും. മനുഷ്യസ്വഭാവത്തിന്റെ ശ്രേഷ്ഠതയും മഹത്വവും ദൈവം തന്റെ വിശുദ്ധരിലൂടെയാണ് നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധരുടെ പെരുന്നാൾ നാം ആഘോഷിക്കുമ്പോൾ അവരുടെ സാന്നിധ്യമുള്ള സ്വർഗത്തിലെ സന്തോഷത്തിൽ നാമും ഭാഗഭാക്കാകുകയാണ്. "തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നതിനാൽ" (സങ്കീ:- 116.15) വിശുദ്ധരുടെ ഓർമ്മപ്പെരുന്നാൾ ആചരണം സ്വർഗീയ സന്തോഷത്തിന്റെ ഭൗമികമായ ആവിഷ്കാരമായി മാറുന്നു. ക്രൈസ്തവരും അക്രൈസ്തവരും ഒരുപോലെ തങ്ങളുടെ കാവൽ പിതാവായി കരുതി ആരാധിക്കുന്ന പ.പരുമല തിരുമേനി കാലത്തിനപ്പുറവും അനേകരുടെ മനസ്സിൽ ഇന്നും ജീവിക്കുന്നു. വിവിധ രാജ്യങ്ങളിലെ

**മലങ്കരയ്ക്ക് എന്നും അഭിമാനമായി, കാലം ചെയ്ത് കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് നൂറ്റാണ്ട് പിന്നിട്ടശേഷവും വിശുദ്ധിയുടെ മധുരസൗരഭ്യം നിറഞ്ഞു നിലനിൽക്കുന്ന ഒരു വ്യക്തിത്വം ആണ് പരിശുദ്ധനായ പ. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി.**

വിവിധ ഓർത്തഡോക്സ് സഭാ വിശ്വാസികളുടെ ഇടയിലും പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നവരുടെ എണ്ണം അനുദിനം കൂടിക്കൊണ്ടിരിക്കുയാണ്.

## 1. ക്രിസ്തു സൗരഭ്യം പകരുന്ന വിശുദ്ധന്മാർ

ദൈവീക നന്മ പിന്തുടരേണ്ടത് അഭികാമ്യമാണെന്ന് സ്വന്തം ജീവിതം മുഖാന്തിരം മറ്റുള്ളവർക്ക് സാക്ഷ്യപ്പെടുത്തുന്നവരാണ് വിശുദ്ധന്മാർ. അതുകൊണ്ടു തന്നെ ലോകത്തിന് അനുരൂപ മായ പലതും അവർക്ക് ഉപേക്ഷിക്കേണ്ടി വരികയും പല തരത്തിലുള്ള പീഢകൾ സഹിക്കേണ്ടി വരികയും ചെയ്യും. 'ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ ' (മത്തായി 16.24). ക്രിസ്തുവിനെ കൂടാതെ ഒരു വിശുദ്ധനും ഒന്നുമല്ല. ഒരു വിശുദ്ധൻ ഒരിക്കലും തന്നെതന്നെ ഉയർത്തുന്ന വനല്ല, മറിച്ച് ക്രിസ്തുവിന്റെ കണ്ണാടിയായി ക്രിസ്തുവിനെ തന്നിൽ കൂടി പ്രതിഫലിപ്പിക്കുന്നവനാണ്. അവർ തന്നിലേക്ക് മനുഷ്യരെ ആകർഷിക്കുന്നവരോ ആശ്രയിപ്പിക്കുന്നവരോ അല്ല ക്രിസ്തുവിലേക്ക് മനുഷ്യനെ കേന്ദ്രീകരിക്കുന്നവരാണ്. ദൈവത്തിൽ നിന്നും ദാനമായി ലഭിച്ച കഴിവുകളുടെ മിഴിവ് വെളിപ്പെടുത്തുവാനല്ല, ക്രിസ്തുവിന്റെ സൗരഭ്യം പ രത്തുകയാണ് യഥാർത്ഥ വിശുദ്ധന്മാർ ചെയ്യുന്നത്. തന്റെ ജീവിതത്തിലൂടെ വിശുദ്ധിയുടെ പരിമളം അനേകരിലേക്ക് പകർന്നു നല്കി കൊണ്ട് പരിശുദ്ധ പരുമലതിരുമേനി അനേ കരെ ഇന്നും ക്രിസ്തുവിലേക്ക് ആദായപ്പെടുത്തുന്നു.

## 2. ദൈവീക പ്രകാശം പ്രോജ്ജ്വലിപ്പിക്കുന്ന വിശുദ്ധന്മാർ

ദൈവീക പ്രകാശം അനേകരിലേക്ക് പ്രോജ്ജ്വലിപ്പിക്കുന്ന വരാണ് വിശുദ്ധന്മാർ. ദൈവം തന്റെ സ്വരൂപമായ മനുഷ്യന് നല്കിയിട്ടുള്ള നന്മയുടെ സാധ്യതകളെ ഉണർവ്വോടെ ലോകനന്മക്കു വേണ്ടി വിനിയോഗിക്കുന്നവരാണ് വിശുദ്ധന്മാർ.

ക്രിസ്തുവിൽ കൂടി വെളിപ്പെട്ട ദൈവസ്നേഹം തങ്ങളുടെ ജീവിതത്തിൽ കൂടി പ്രതിഫലിപ്പിക്കുവാൻ അവർ സ്വയം സമർപ്പിക്കപ്പെട്ടിരിക്കുന്നു. സ്വയം സമർപ്പിതരായി നിന്നുകൊണ്ട് ക്രിസ്തുവിന്റെ പ്രകാശം മറ്റുള്ളവരിലേക്ക് പകരുവാൻ വിശുദ്ധന്മാർക്ക് കഴിഞ്ഞിരുന്നു.' ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്നരുളിചെയ്ത ക്രിസ്തുവിന്റെ വെളിച്ചം അജ്ഞാനാന്ധകാരത്തിൽ കഴിഞ്ഞ അനേകർക്ക് പുതിയ കാഴ്ചകളും കാഴ്ചപ്പാടുകളും നല്കി. വിജയം, അധികാരം, ലാഭം എന്നീ വാക്കുകൾ ഇന്നത്തെ സമൂഹത്തിൽ ശക്തമായിക്കൊണ്ടിരിക്കുന്നു. ഇവ ഏതുവിധേനയും നേടുന്നതിനുള്ള ത്വര ഏവരിലും കാണാം. ഇവിടെയാണ് പ്രലോഭനങ്ങളെ അതിജീവിക്കുവാനുള്ള കരുത്ത് നാം നേടേണ്ടത്. വിശുദ്ധിയിലേക്കുള്ള വളർച്ചയിൽ കൂടി മാത്രമേ ഒരു അതിജീവനം സാധ്യമാകുകയുള്ളൂ. ദൈവവുമായുള്ള ബന്ധത്തിലാണ് വിശുദ്ധി നിലകൊള്ളുന്നത്. ദൈവവചനം പറയുന്നു "എല്ലാ അനീതികളെയും എതിർത്ത് പ്രലോഭനങ്ങളെ അതിജീവിച്ച് വിശുദ്ധിയിൽ വളരുക ' ( 1 തെസ്സ 4:7).

നിഷ്കളങ്കനായ ഒരു കുട്ടിയെപ്പോലെ തമ്പുരാനിൽ നിന്ന് ഏറ്റുവാങ്ങിയ വിശുദ്ധിയുടെ ദിവ്യപരിമളം മലങ്കരയുടെ അതിർത്തികൾ കടന്നും പരന്നുകൊണ്ടിരിക്കുന്നു. ആ സൗരഭ്യം ഉൾക്കൊണ്ട് ആ പരിശുദ്ധിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുവാൻ നാമോരോരുത്തർക്കും കഴിയട്ടെ! ആ പരിശുദ്ധി നമ്മെ രൂപാന്തരപ്പെടുത്തട്ടെ. ഈ പെരുന്നാൾ നാം ആഘോഷിക്കുമ്പോൾ ആ വിശുദ്ധൻ നമുക്ക് കാട്ടി തന്ന ജീവിത മാതൃക നമുക്ക് വഴികാട്ടിയാകട്ടെ. കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് നീതിയുടെയും സമാധാനത്തിന്റെയും മാർഗങ്ങളെ നമുക്ക് അനുധാവനം ചെയ്യാം. നമ്മുടെ ജീവിതങ്ങളെ ആഴത്തിൽ സ്വാധീനിച്ച ഒരു ജീവിതം കാലയവനികയ്ക്കുള്ളിൽ മറഞ്ഞകന്നപ്പോൾ അവശേഷിപ്പിച്ച ശ്രേഷ്ഠമാതൃകകൾ നാം പിൻതുടർന്നില്ലെങ്കിൽ കാലം നമുക്ക് മാപ്പ് തരില്ല. രൂപത്തിലും ഭാവത്തിലും ക്രിസ്തുവിനെപ്പോലെ ജീവിക്കാൻ ശ്രമിച്ച ഒരു മഹത്ജീവിതമായിരുന്നു പ.പരുമല തിരുമേനിയുടേത്. നീതിമാന്റെ ഓർമ്മ ഇന്നും എന്നും വാഴ്വിനായി തീരട്ടെ.

ഏവർക്കും പെരുന്നാൾ ആശംസകൾ നേരുന്നു.



# വിശുദ്ധിയുടെ ശിഷ്യത്വം



**ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്**
ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം

'വ്യക്തി മാഹാത്മ്യത്തിന്റെ ഊഷ്മാവ് ആണ് മഹാന്മാരോട് അടുക്കുമ്പോൾ നമുക്ക് അനുഭവമാകുന്നത്. അഗ്നിയോട് അടുക്കുമ്പോൾ അതിന്റെ ചൂട് അനുഭവപ്പെടുന്നതുപോലെ മഹാന്മാരെ സമീപിക്കുമ്പോൾ അതിനു മുൻപ് അനുഭവിച്ചി ട്ടില്ലാത്ത ചില അനുഭവങ്ങൾ നമുക്കുണ്ടാകുന്നു'. പുത്തൻകാവിൽ കൊച്ചു തിരുമേനി തന്റെ ഗുരുവായ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെ കുറിച്ച് പറഞ്ഞ വാക്കുകളാണിത്. വിശുദ്ധിയുടെ പരിസരങ്ങളിൽ രൂപ പ്പെട്ടു വരുമ്പോൾ ആ വിശുദ്ധി പോലും അപരനിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതായി നമുക്ക് മനസ്സിലാക്കാം.

മലങ്കര സഭയുടെ സൂര്യ ശോഭയായിരുന്ന സഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ രൂപപ്പെടലിനെ (Formation) പറ്റി ചിന്തിക്കുമ്പോൾ മുകളിൽ പറഞ്ഞ വാക്കുകൾക്ക് കൂടുതൽ അർത്ഥമുണ്ടാകുന്നു. ഭാസുര ശോഭയോടെ വിളങ്ങിയ ഈ ജീവിതത്തിന് കാമ്പും മിഴിവും നൽകിയത് തന്റെ പവിത്ര ഗുരുപാദം ആണ്. ഉത്തമ ഗുരുവിന്റെ ഉത്തമ ശിഷ്യനായ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി. ആ ഉത്തമ ഗുരു മറ്റാരുമല്ല, മലങ്കരയുടെ സൗഭാഗ്യവും പരിമളവുമായ പരിശുദ്ധ പരുമല തിരുമേനിയാണ്. ഈ പവിത്ര ഗുരുശിഷ്യബന്ധം ദൈവനിയോഗമാണ് എന്നതിന് മലങ്കര സഭയുടെ ചരിത്രം സാക്ഷിയാണ്. പരിശുദ്ധ പരുമല തിരുമേനി എന്ന വിശുദ്ധിയുടെ കൂടാരങ്ങളിൽ ആണ് പരിശുദ്ധ വട്ടശ്ശേരി തിരുമേനി എന്ന വടവൃക്ഷത്തിന്റെ രൂപപ്പെടൽ.

1876 ൽ പരിശുദ്ധ പത്രോസ് മൂന്നാമൻ പാത്രിയർക്കീസിന്റെ വരവിന്റെ കാലത്താവണം ഈ ഗുരുശിഷ്യബന്ധം ദൃഢമാവുന്നത്.

1876 ഒക്ടോബർ 12ന് പ. പാത്രിയർക്കീസാണ് വട്ടശ്ശേരിൽ ഗീവർഗീസിനെ ശെമ്മാശ പദവിയിലേക്ക് ഉയർത്തുന്നത്. പാത്രിയർക്കീസിന്റെ ദ്വിഭാഷയായി കൂടെയുണ്ടായിരുന്ന ചാത്തുരുത്തിൽ ഗീവർഗീസ് റമ്പാൻ അക്കാലം തൊട്ടുതന്നെ വട്ടശ്ശേരിൽ ഗീവർഗീസ് ശെമ്മാശനുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിച്ചു എന്നുവേണം അനുമാനിക്കുവാൻ.

1876 ഡിസംബറിൽ പാത്രിയർക്കീസിനാൽ തന്നെ ഗീവർഗീസ് റമ്പാൻ മെത്രാനായി വാഴിക്കപ്പെട്ടു. വളർച്ചയുടെ ഈ പാരസ്പര്യം അന്ന് തന്നെ രണ്ടു പേരുടെയും ഹൃദയങ്ങളെ ചേർത്തുവച്ചു കൊണ്ടിരുന്നു. ഗുരുശിഷ്യ ബന്ധം രൂഢമൂലം ആകുന്നത് ഗീവർഗീസ് ശെമ്മാശൻ പഠനത്തിനായി കോട്ടയം പഴയ സെമിനാരിയിൽ എത്തുമ്പോഴാണ്.

സുറിയാനി ഭാഷയും ദൈവശാസ്ത്രവും പഠിപ്പിച്ചത് തന്റെ ശ്രേഷ്ഠ ഗുരുവായ പരുമല മാർ ഗ്രീഗോറിയോസ് ആണ്. നാലുവർഷത്തെ സഹവാസ ജീവിതത്തിൽ പൗരസ്ത്യ ദൈവശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യം ആർജ്ജിച്ചു. സുറിയാനി ഭാഷയിൽ അമരത്വം നേടി. ഉത്തമ ഗുരുവിന്റെ ഉത്തമ ശിഷ്യന് ഗുരു സ്ഥാനം തന്നെ കൈമാറുന്ന കാഴ്ചയാണ് സഭാ ചരിത്രം പങ്കിട്ടു തരുന്നത്.

**ഭാസുര ശോഭയോടെ വിളങ്ങിയ ഈ ജീവിതത്തിന് കാമ്പും മിഴിവും നൽകിയത് തന്റെ പവിത്ര ഗുരുപാദം ആണ്. ഉത്തമ ഗുരുവിന്റെ ഉത്തമ ശിഷ്യനായ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി. ആ ഉത്തമ ഗുരു മറ്റാരുമല്ല, മലങ്കരയുടെ സൗഭാഗ്യവും പരിമളവുമായ പരിശുദ്ധ പരുമല തിരുമേനിയാണ്.**

1876ൽ ആരംഭിച്ച് താൻ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിന്റെ തൊട്ടടുത്ത വർഷം തന്നെ പരിശുദ്ധ പരുമല തിരുമേനി ചുമതലകൾ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാരെ ഏൽപ്പിച്ചു. പരിശുദ്ധ പരുമല തിരുമേനി തന്നെയാണ് 1880 ജനുവരി 18ന് വട്ടശ്ശേരിൽ തിരുമേനിക്ക് കശീശ സ്ഥാനം നൽകിയത്. 1881ൽ കോട്ടയം സെമിനാരിയിലും പഴയ സെമിനാരിയിലും മലങ്കര മൽപ്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാർ നിയമിതനായി.

വിശുദ്ധിയുടെ പർവ്വമായിരുന്ന പരുമല തിരുമേനിയുടെ വാത്സല്യ ഭാജനം ആയിരുന്നു പ്രിയ ശിഷ്യൻ. ശെമ്മാശൻ ആയിരിക്കുമ്പോൾ പരിശുദ്ധ പരുമല തിരുമേനിയുടെ സെക്രട്ടറിയായി അദ്ദേഹത്തോടു കൂടെ മലങ്കരയിൽ പല സ്ഥലങ്ങളും സന്ദർശിക്കുന്നതിനും കാര്യങ്ങൾ മനസ്സിലാക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. പിന്നീട് മലങ്കര സഭയുടെ സാരഥ്യം ഏറ്റെടുക്കുമ്പോൾ സഭയെപ്പറ്റി അതിർത്തികൾക്കപ്പുറമുള്ള വ്യക്തമായ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നതിനും, സഭയെ പ്രാദേശിക വ്യത്യാസങ്ങൾക്കപ്പുറം ഏകമായി കാണുന്നതിനുമുള്ള പാഠശാല ആയിരുന്നു ഉത്തമ ഗുരുവിന് ഒപ്പമുള്ള ആ യാത്രകൾ. 1881ൽ മൽപ്പാനാകുമ്പോൾ സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ മൽപ്പാനായിരുന്നു വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാർ. പരിശുദ്ധ പരുമല തിരുമേനിക്ക് തന്റെ ശിഷ്യനെ ഈ വലിയ ദൗത്യം ഏൽപ്പിക്കുന്നതിന് യാതൊരു ശങ്കയുമില്ലായിരുന്നു. തന്റെ ഗുരുവിനെപ്പോലെ ഒരു ഉത്തമ ഗുരുവാകുവാൻ ആഗ്രഹിച്ച വട്ടശ്ശേരിൽ മൽപ്പാൻ ഈ കാലയളവിൽ ആണ് മതോപദേശ സാരങ്ങൾ എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. വൈദിക വിദ്യാർഥികളെ പഠിപ്പിക്കുവാനായി താൻ തയ്യാറാക്കിയ കുറിപ്പുകളുടെ വികസിത രൂപമാണിത് ഓർത്തഡോക്സ് സഭയുടെ വിശ്വാസവും സംഹിതകളും ചുറ്റപ്പെടുത്തിയ ഈ പുസ്തകം. 1934ലെ മലങ്കര സഭാ ഭരണഘടനയുടെ ഒരു ആദിരൂപം എന്ന നിലയിൽ വായിക്കുവാൻ സാധിക്കും. തന്റെ പുസ്തകങ്ങളായ 'സുറിയാനി പാഠങ്ങളും' കോനാട്ട് മത്തൻ മൽപ്പാനുമായി ചേർന്നു പ്രസിദ്ധപ്പെടുത്തിയ 'ക്യംതാ നമസ്കാരവും കുർബാനക്രമവും' ഒക്കെ തന്നെ ആ മൽപ്പാൻ കാലഘട്ടത്തിന്റെ അടയാളങ്ങളാണ്. തന്റെ ആരാധനാ ജീവിതത്തിന്റെയും ആത്മീക നിലവാരത്തിന്റെയും വിജ്ഞാന അനുഭവത്തിന്റെയും കലവറ പരുമല തിരുമേനിയാണ് എന്ന് വിധേയ ശിഷ്യൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. 1878 മുതൽ പരുമല സെമിനാരി മാനേജരായി വട്ടശ്ശേരി മൽപ്പാൻ അധിക ചുമതല ഏറ്റു എന്നും പരുമല സെമിനാരിയുടെ കാര്യം താൻ മെത്രാൻ ആകുന്നത് വരെയും നോക്കി വന്നു എന്നും വട്ടശ്ശേരിയിൽ തിരുമേനി തന്നെ പറയുന്നതായി ഇസഡ് എം. പാറെട്ട് നിത്യാക്ഷരങ്ങളിൽ രേഖപ്പെടുത്തുന്നു.

തന്റെ ഉത്തമ ഗുരു തന്റെ ആത്മീയതയുടെ അടയാളമായിരുന്നു. മലങ്കര സഭയുടെ ഒരുകാലത്തെ ചരിത്രത്തിന്റെ പരിച്ഛേദമായിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതത്തെ രൂപപ്പെടുത്തിയത് തന്റെ ഗുരുക്കന്മാരായിരുന്നു ശ്രേഷ്ഠ ഗുരുവായ പരിശുദ്ധ പരുമല തിരുമേനിയോടുള്ള ഭക്തി തന്റെ അവസാനം വരെയും പ. വട്ടശ്ശേരിൽ തിരുമേനി കാത്തുസൂക്ഷിച്ചിരുന്നു. ആ അനുഗ്രഹത്തിന്റെ തണലിലും ഊർജ്ജത്തിലും വളർന്നുവന്നത് കൊണ്ടാവണം ആ മഹാ വൃക്ഷത്തിന് വലിയ കൊടുങ്കാറ്റുകളെയും പ്രതിസന്ധികളെയും അതിജീവിക്കുവാൻ ആയത്. വിശുദ്ധിയുടെ ഗുരുമുഖത്ത് നിന്ന് ശിഷ്യൻ വിശുദ്ധിയെ ആർജിച്ചെടുക്കുകയായിരുന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ ശിഷ്യ പരമ്പരയിലെ മറ്റൊരു പേര് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ ബാവാ എന്നാണ്. തന്റെ്റെ ശിഷ്യന്മാരിലേക്ക് തന്നിലുള്ള വിശുദ്ധിയെ എത്രമാത്രം അദ്ദേഹം പകർന്നു നൽകി എന്നതിന്റെ നേരുദാഹരണങ്ങൾ ആണിത്. ഗുരുപീഠത്തെ ദൈവപീഠമായി കണ്ട മഹാസിദ്ധാരുടെ കഥകളാണിത്. ഇപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ഗുരു ശിഷ്യ ഇടപെടലുകൾ ഇന്നും നമുക്ക് പ്രചോദനമാണ്. പുണ്യ പിതാക്കന്മാരുടെ മധ്യസ്ഥത നമുക്കും കാവൽ ആകട്ടെ.



# പ്രാർത്ഥനയെ സ്നേഹിച്ച ശ്രേഷ്ഠ ഇടയൻ

**ബിബിൻ ബാബു കരുവാറ്റ**



എങ്ങനെയാണ് ഒരു മനുഷ്യന് ജനനത്തിലും ജീവിതത്തിലും മരണാനന്തര ജീവിതത്തിലും ഇത്ര വിശുദ്ധിയെ കാത്തു സൂക്ഷിക്കുവാൻ സാധിക്കുക? എങ്ങനെയാണ് സഹജീവികളെ ഇത്ര കരുണയോടെയും സ്നേഹത്തോടെയും പരിപാലിക്കുവാൻ സാധിക്കുക? പരിശുദ്ധ പരുമല തിരുമേനിയുടെ ജീവചരിത്രം പരിശോധിച്ചാൽ ഇതിനുള്ള ഉത്തരം നമുക്ക് ലഭിക്കും. പ്രാർത്ഥനയെ ശൈശവത്തിലെ ഉത്സാഹവും, യൗവനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവും ആക്കിയ വിശുദ്ധന് ഇങ്ങനെയല്ലാതെ എങ്ങനെ ജീവിക്കുവാൻ സാധിക്കും... ഒരുപക്ഷേ നാം ഇന്ന് നടത്തുന്ന പല പ്രാർത്ഥനകളും നോമ്പുകളും നമ്മുടെ സ്വാർത്ഥ താൽപര്യത്തിന് മാത്രമാകുമ്പോൾ മറ്റുള്ളവരുടെ ദുരന്തങ്ങൾക്കും സങ്കടങ്ങൾക്കും മോചനം ലഭിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു പരിശുദ്ധന്റെ പ്രാർത്ഥന. ഹൃദയം നിറഞ്ഞ ഭക്തിയോടെയുള്ള പ്രാർത്ഥന ദൈവം കൈക്കൊള്ളുകയും ഒരു അനുഗ്രഹ രൂപിയായി അത് നമുക്ക് തിരികെ ലഭിക്കുകയും ചെയ്യും എന്നതിന്റെ ജീവിക്കുന്ന സാക്ഷ്യമാണ് പരിശുദ്ധ പരുമല തിരുമേനി.

വിശ്വാസത്തിൽ അധിഷ്ഠിതമായ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന് വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നു.

'അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ. എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു.' (വി. മർക്കൊസ് 11:24)

ക്രിസ്തുവിനെ രുചിച്ചറിയുകയും, ക്രിസ്തുവിനായി ജീവിക്കുകയും, ക്രിസ്തുവിൽ അലിഞ്ഞു ചേർന്ന് മരിക്കുകയും ചെയ്ത വിശുദ്ധനാണ് പരിശുദ്ധ പരുമല തിരുമേനി. അതിന് അദ്ദേഹത്തെ പ്രാപ്തമാക്കിയത് പ്രാർത്ഥനാ ജീവിതമാണ്. ദൈവം ഉള്ളിൽ വസിക്കുകയും പ്രാർത്ഥനയെ മുറുകെ പിടിക്കുകയും ചെയുന്ന വിശുദ്ധർക്ക് ദൈവ സ്നേഹം പ്രതിഫലമില്ലാതെ മറ്റുള്ളവരിലേക്ക് പകരുവാൻ സാധിക്കും.

വിശ്വാസത്തെയും പാരമ്പര്യത്തെയും കഷ്ടത അനുഭവിക്കുന്ന മനുഷ്യരെയും ചേർത്ത് പിടിക്കുന്ന പരുമലയുടെ മണ്ണിൽ ഇന്നും അണയാത്ത ദീപമായി ജ്വലിക്കുവാനും അനേകർക്ക് മധ്യസ്ഥനായി നിലകൊള്ളുവാനും ഈ ശ്രേഷ്ഠ ഇടയന് സാധിക്കുന്നത് അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ ജീവിതം കൊണ്ടാണ്. യാമങ്ങൾ തോറും പ്രാർത്ഥനയെ സ്നേഹിച്ച പുണ്യാത്മാവിനെ കബറിങ്കൽ ഇന്നും ജനസാഗരം എത്തുന്നത് വിശ്വാസത്തോടെയുള്ള പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന ഉത്തമ ബോധ്യത്തിലും പ്രത്യാശയിലുമാണ്.

ആടുകളെ യഥാവിധം നയിക്കുന്നവനാണ് നല്ല ഇടയൻ.നല്ല ഇടയന്റെ പാത പിന്തുടരാൻ ആണ് ആട്ടിൻ കൂട്ടത്തിന് ഇഷ്ടം. പരിശുദ്ധ പരുമല തിരുമേനിയുടെ പ്രാർത്ഥന ജീവിതം നമുക്കേവർക്കും പിന്തുടരാം. പ്രാർത്ഥന കൊണ്ട് തന്റെ ജീവിതത്തെ വിശുദ്ധമാക്കിയ ശ്രേഷ്ഠ ഇടയന്റെ മധ്യസ്ഥത നാൾതോറും നമുക്ക് കോട്ടയായിരിക്കട്ടെ.



## ജനറൽ സെക്രട്ടറിയിൽ നിന്നും

# പൗരസ്ത്യ ക്രൈസ്തവ യുവജന പ്രസ്ഥാനം

### "നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്"

ഭാരത ക്രൈസ്തവ സഭയിലെ പ്രഥമ പരിശുദ്ധനും മലങ്കര സഭയുടെ പരിശുദ്ധനുമായ പരുമല കൊച്ചു തിരുമേനി യുടെ (ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത) 122- ാമത് ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ച് ക്രൈസ്തവ യുവജനപ്രസ്ഥാനം നടത്തിവരാറുള്ള അഖണ്ഡ പ്രാർത്ഥന കൊടിയേറ്റ് ദിവസമായ 26 -ാം തീയതി വൈകിട്ട് 5 മണി മുതൽ പ്രധാന പെരുന്നാൾ ദിവസമായ 1 തീയതി വൈകിട്ട് 5 മണി വരെ ഈ വർഷവും ഭംഗിയായി നടത്തുവാൻ തീരുമാനി ച്ചിരിക്കുന്നു.

അഖണ്ഡ പ്രാർത്ഥനയോടെ നടത്തിപ്പിനായി കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ റോബിൻ ജോ വർഗീസിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന് വേണ്ടി,

**വിജു ഏലിയാസ് അച്ചൻ**
(ജനറൽ സെക്രട്ടറി)

**ഏവർക്കും സ്വാഗതം**

**റോബിൻ ജോ വർഗീസ്**
(കൺവീനർ, +91 9847491606)




| DATE | DAY | TIME | DIOCESE |
|---|---|---|---|
| 26.10.2024 27.10.2024 | SATURDAY SUNDAY | 5.00PM - 8.30AM | THIRUVANANTHAPURAM KOTTARAKKARA - PUNALOOR |
| 27.10.2024 | SUNDAY | 8.30AM - 5.00PM | NILACKAL , AHAMMADABAD |
| 27.10.2024 28.10.2024 | SUNDAY MONDAY | 5.00PM - 8.30AM | NIRANAM , DELHI |
| 28.10.2024 | MONDAY | 8.30AM - 5.00PM | ANGAMALI , KANDANAD ( E ) |
| 28.10.2024 29.10.2024 | MONDAY TUESDAY | 5.00PM - 8.30AM | KOLLAM , MUMBAI |
| 29.10.2024 | TUESDAY | 8.30AM - 5.00PM | KOTTAYAM , KOTTAYAM ( C ) SULTHAN BATHERY |
| 29.10.2024 30.10.2024 | TUESDAY WEDNESDAY | 5.00PM - 8.30AM | ADOOR - KADAMBANAD , CULCUTTA , MADRAS |
| 30.10.2024 | WEDNESDAY | 8.30AM - 5.00PM | CHENGANNUR , BANGLORE |
| 30.10.2024 31.10.2024 | WEDNESDAY THURSDAY | 5.00PM - 8.30AM | MAVELIKKARA |
| 31.10.2024 | THURSDAY | 8.30AM - 5.00PM | THUMPAMON , IDUKKI |
| 31.10.2024 01.11.2024 | THURSDAY FRIDAY | 5.00PM - 8.30AM | KOCHI , KANDANAD WEST , THRISSUR |
| 01.11.2024 | FRIDAY | 8.30AM - 5.00PM | KUNNAMKULAM , MALABAR , BRAHMAVAR |

### നിർദ്ദേശങ്ങൾ:

മുകളിൽ തന്നിരിക്കുന്ന ഭദ്രാസന അടിസ്ഥാനത്തിൽ ഭദ്രാസനങ്ങൾക്ക് നിശ്ചയിച്ച സമയങ്ങളിൽ തന്നെ എല്ലാ ഭദ്രാസന ഭാരവാഹികളും, ഭദ്രാസനത്തിൽ നിന്നുള്ള പ്രവർത്തകരും പൂർണ്ണ സമയവും സംഘമായി തന്നെ അഖണ്ഡ പ്രാർത്ഥനയിൽ സംബന്ധിക്കുവാൻ ജനറൽ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണം.

ഭദ്രാസനങ്ങൾക്കായി ക്രമപ്പെടുത്തിയ സമയത്തിനു ശേഷം അടുത്ത ഭദ്രാസനത്തിന് കൈമാറാനുള്ള ക്രമീകരണവും ഭംഗിയായി ചെയ്യേണ്ടതാണ്.

അഖണ്ഡ പ്രാർത്ഥനയിൽ പങ്കെടുക്കുന്നവർക്ക് ഫുഡ് കൂപ്പൺ പരുമലയിൽ നിന്നും ലഭിക്കുന്നതാണ്. മുൻകൂട്ടി കൺവീനറെ വിളിച്ച് എണ്ണം അറിയിക്കേണ്ടതാണ്. ബന്ധപ്പെടുക:
**ജോജി പരുമല (കൺവീനർ) 79079 86310**

അഖണ്ഡ പ്രാർത്ഥനയിലും, പെരുന്നാൾ ശുശ്രൂഷകളിലും ക്രൈസ്തവ യുവജനപ്രസ്ഥാന പ്രവർത്തകരുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പലവിധത്തിലും ദൈവത്തിന്റെ പാദാരവിന്ദങ്ങളോട് ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രേ - പരിശുദ്ധ പരുമല തിരുമേനി.


OCYM
VKS


CONCLAVE
OCYM






VKS


OCYM




സമാപന
OCYM


CONCLAVE




സമാപന


സമാപന


OCYM








സമാപന


സമാപന
OCYM



# ഒ.സി.വൈ.എം. രാജ്യാന്തര സമ്മേളനം പത്തനാപുരത്ത് വെച്ച് നടന്നു.

രാജ്യപുരോഗതിക്കായി ഓരോ സമൂഹവും തങ്ങളുടെ സാംസ്കാരിക തനിമയും സ്വത്വവും നിലനിർത്തണമെന്നും അതിനായി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തണമെന്നും ഐഎസ്ആർഒ ചെയർമാൻ ഡോ.എസ്.സോമനാഥ് പറഞ്ഞു. പത്തനാപുരം മൗണ്ട് താബോർ ദയറായിൽ നടക്കുന്ന ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം രാജ്യാന്തര സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു. അദ്ദേഹം.

യുവാക്കളുടെ എണ്ണത്തിലുള്ള വർധന നമ്മുടെ രാജ്യത്തിന് നേട്ടമാണ്. യുവാക്കളാണ് നമ്മുടെ ഭാവി. അത് തിരിച്ചറിഞ്ഞ് സഭകളും സമൂഹങ്ങളും അവർക്ക് വേണ്ടിയുള്ള നല്ല പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ശാസ്ത്ര സാങ്കേതികവിദ്യയിൽ ഉണ്ടായ പുരോഗതിയാണ് ലോകത്തിന്റെ പട്ടിണി ഒരു പരിധി വരെ മാറ്റാൻ സഹായിച്ചത്. സാങ്കേതിക വിദ്യയിൽ നിക്ഷേപം നടത്തിയാലേ രാജ്യത്തിന് മുന്നേറാൻ സാധിക്കൂ. സമൂഹത്തിലെ ചെറിയ കൂട്ടായ്മകൾ പോലും സാങ്കേതിക വിദ്യകൾ പരമാവധി ഉപയോഗപ്പെടുത്തണം. അതുവഴിയെ രാജ്യം മുന്നേറൂ എന്നും അദ്ദേഹം പറഞ്ഞു.

യുവജനപ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപൊലീത്ത അധ്യക്ഷത വഹിച്ചു. ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. കൊടിക്കുന്നിൽ സുരേഷ് എംപി, സഭാ വൈദിക ട്രസ്റ്റി ഫാ.തോമസ് വർഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ.വിജു ഏലിയാസ്, വൈസ് പ്രസിഡന്റ് ഫാ.ഷിജി കറ്റാനം, അടൂർ കടമ്പനാട് ഭദ്രാസനം വൈസ് പ്രസിഡന്റ് ഫാ.ഷിജു ബേബി, കേന്ദ്ര ട്രഷറർ പേൾ കണ്ണേത്ത്, റീജനൽ സെക്രട്ടറി അനീഷ് ജേക്കബ്, ഭദ്രാസന ജനറൽ സെക്രട്ടറി റെനോ പി.രാജൻ തുടങ്ങിയവർ പ്രസംഗിച്ചു.






പാരമ്പര്യത്തിന്റെ പകിട്ട്
പരിശുദ്ധിയുടെയും...
Estd:
1914
Gold
Diamonds
Silver
22K916
FINENESS
Estd.
1914
കൊമ്പശ്ശേരിൽ
ജൂവലേഴ്സ്
മാവേലിക്കര 0479 230 2411




Shiju 8129501030
9061051030
Variety
EVENTS
Stage Decoration I Panthal Works
Road Arch I Wedding Arch I Balloon Arch I Car Decoration




Printed and Published by : H.G. Dr. Geevarghese Mar Yulios Metropolitan on behalf of President OCYM, St. Thomas Bhavan, Kottayam - 1
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997
Printed at : Glamour Offset Printers, Kunnamkulam, Layout : Spectra Designers Kunnamkulam, Chief Editor : Fr. Luke Babu, Publisher : Binu Pappachan